പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1523 — 06.03.2017 ൽ മറുപടിയ്ക്ക്

## വെളിച്ചെണ്ണ വിലവർദ്ധന

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. വി.എസ്.സുനിൽ കുമാർ (ബഹു.കൃഷി വകുപ്പ് മന്ത്രി) | |
| (എ) | വെളിച്ചെണ്ണ വില അമിതമായി ഉയരുന്നത് ജനങ്ങളിൽ ആശങ്ക ഉളവാക്കിയിരിക്കുന്നത് പരിശോധി ച്ചിട്ടുണ്ടോ; എന്നാൽ ഈ ഉയർച്ച നാളികേരത്തിന്റെ വിലയിൽ പ്രതിഫലിക്കുന്നില്ല എന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (എ) | വെളിച്ചെണ്ണ വില ഉയരുന്നതിനോടൊപ്പം നാളികേരത്തിന്റെ വിലയും ഉയരുന്നുണ്ട്. നാളികേര കർഷകർക്ക് ഇപ്പോൾ ന്യായവില ലഭിക്കുന്നുണ്ട്. സംഭരണ വിലയേക്കാൾ ഉയർന്ന വില പൊതു വിപണിയിൽ നിലവിലുണ്ട്. |
| (ബി) | നാളികേര കർഷകനെ രക്ഷിക്കുന്നതിന് ഗവൺമെന്റ് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ? | (ബി) | പൊതു വിപണിയിൽ നാളികേര വില വളരെ താഴ്ന്ന സാഹചര്യത്തിൽ ന്യായമായ താങ്ങുവില പ്രഖ്യാപിച്ച് പച്ചത്തേങ്ങ സംസ്ഥാനത്തെ 388 കൃഷി ഭവൻ മുഖേന സംഭരിക്കുകയുണ്ടായി. പച്ചത്തേങ്ങ സംഭരണ ഇനത്തിൽ കർഷകർക്ക് നൽകാനുള്ള മുഴുവൻ കുടിശ്ശികയും നൽകിയിട്ടുണ്ട്. നിലവിൽ കമ്പോള വില ഉയർന്നു നിൽക്കുന്ന സാഹചര്യത്തിൽ വിപണി ഇടപെടൽ പ്രസക്തമല്ല. എന്നിരുന്നാലും നാളികേര സംഭരണം കൂടുതൽ കുറ്റമറ്റതും, നൂതനവുമായ രീതിയിൽ നടപ്പാക്കുന്നത് സംബന്ധിച്ച് കർഷക പ്രതിനിധികളുമായി കൃഷി മന്ത്രി ചർച്ച നടത്തുകയും , പ്രസ്തുത ചർച്ചയിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ സജീവമായി പരിഗണിച്ചുവരികയുമാണ്.<br>സംസ്ഥാനത്ത് സമഗ്ര നാളികേര കൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാന |

ത്തിൽ 'കേരഗ്രാമം' എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി 2016-17 വർഷം എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്നു. 500 ഹെക്ടർ വീതം കേരകൃഷി വിസ്തൃതിയുള്ള 30 കേര ഗ്രാമങ്ങൾ, പുതുതായി തെരഞ്ഞെടുത്ത 59 ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിലാണ് നടപ്പിലാക്കുന്നത് . സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലുമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. 4500 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ ഈ കൊല്ലം പദ്ധതിക്കായി നീക്കി വച്ചിരിക്കുന്നത്. ഘട്ടം ഘട്ടമായി കേരഗ്രാമം പദ്ധതി എല്ലാ ഗ്രാമപഞ്ചായത്തുകളിലേയ്ക്കും വ്യാപിപ്പിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

സെക്ഷൻ ഓഫീസർ